# Malayala Manorama

# 14 August 2018

# Kochi: Paravoor, Flood Relief, Camps



## ഒരുമയുടെ ക്യാംപുകൾ

പറവൂർ ● വെള്ളം കയറി പലർക്കും വീടുവിടേണ്ടി വന്നെങ്കിലും ദുരിതാശ്വാസ ക്യാംപുകളിലെ ജീവിതത്തിൽനിന്നു ദുരിതങ്ങൾ ഒഴിഞ്ഞുനിന്നു. ഏവരും ഒത്തൊരുമിച്ചു പ്രവർത്തിച്ചതിനാൽ ക്യാംപിൽ പരാതികളും വളരെ ക്കുറവാണ്.

ജില്ലയിൽ ആരംഭിച്ച ദുരിതാശ്വാസ ക്യാംപുകളിൽ കൂടുതലും പറവൂർ താലൂക്കിലായിരുന്നു- 48 എണ്ണം.

കടുങ്ങല്ലൂർ, കുന്നുകര എന്നിവിടങ്ങളിൽ രണ്ടു വീതവും ഏലൂരിൽ ഒരെണ്ണവുമടക്കം അഞ്ചു ക്യാംപുകളേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ. മറ്റിടങ്ങളിൽ ഉണ്ടായിരുന്നവരെല്ലാം വീടുകളിലേക്കു മടങ്ങി.

റവന്യു വകുപ്പ്, ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ തുടങ്ങിയവരെയെല്ലാം ഏകോപിപ്പിച്ചായിരുന്നു ക്യാംപുകളുടെ പ്രവർത്തനം.

തഹസിൽദാർക്കായിരുന്നു പൂർണ ചുമതല. ഓരോ ക്യാംപിന്റെയും മേൽനോട്ടത്തിനായി ഡപ്യൂട്ടി തഹസിൽദാരെ ചാർജ് ഓഫിസറായി നിയോഗിച്ചു. ഭക്ഷണം, ചികിൽസ, മരുന്ന് എന്നിവയെല്ലാം നൽകാൻ ഒട്ടേറെയാളുകൾ സന്നദ്ധരായി. താമസിക്കാനെത്തിയവർ ചേർന്നാണ് ഓരോ ക്യാംപിലും ഭക്ഷണം ഒരുക്കിയത്.

ആദ്യദിനം ഭക്ഷണത്തിന് ആവശ്യമായ വസ്തുക്കൾ വില്ലേജ് ഓഫിസ് അധികൃതർ വാങ്ങി നൽകി. രണ്ടാം ദിവസം മുതൽ പലരും സ്പോൺസർ ചെയ്തു.